# എഴുത്തുപുരയിലെ പോലീസുകാരൻ...!

**സ്വന്തം ലേഖകൻ**

**വിളപ്പിൽ:** കഥയും കവിതയുമൊക്കെ എഴുതുന്ന പോലീസുകാർ സേനയിൽ ധാരാളം. എന്നാൽ പോലീസ് ചരിത്രം എഴുതുന്നവർ വിരളം.

അനുഭവങ്ങളിലൂടെ, പഠനങ്ങളിലൂടെ പോലീസിന്റെ ചരിത്രം കുറിക്കുന്ന ഒരു എഴുത്തുകാരനുണ്ട് കേരളാ പോലീസിൽ. പേയാട് വിശ്വഭാരതിയിൽ കെ.രാജനാണ് ആ എഴുത്തുപുരയിലെ പോലീസുകാരൻ.

മുപ്പതു വർഷത്തെ സർവീസിനിടെ പോലീസിനെ കുറിച്ച് രാജൻ എഴുതി പ്രസിദ്ധീകരിച്ച ചരിത്ര പുസ്തകങ്ങൾ നാല്. അഞ്ചാമത്തെ പുസ്തകത്തിന്റെ പണിപ്പുരയിലാണ് കാക്കിക്കുള്ളിലെ ഈ സാഹിത്യകാരൻ. 2008ൽ പുറത്തിറക്കിയ മനുഷ്യാവകാശം, ജനാധിപത്യം, പോലീസ് ആണ് രാജന്റെ ആദ്യ പുസ്തകം.

2010ൽ പോലീസ് വാഗർത്ഥങ്ങൾ, 2016ൽ പോലീസ് ചരിത്രവും വർത്തമാനവും, 2017ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ കഥയുടെ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ പോലീസ് കഥകളെക്കുറിച്ചുള്ള പഠന ഗ്രന്ഥം എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ട രാജന്റെ പുസ്തകങ്ങൾ. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പുമുള്ള പോലീസിന്റെ വളർച്ച പ്രമുഖരുടെ അനുഭവങ്ങളിലൂടെ വിവരിക്കുന്ന ചരിത്ര പുസ്തകത്തിന്റെ രചനയിലാണ് ഇപ്പോൾ സബ് ഇൻസ്പെക്ടർ രാജൻ.

രാജ്യത്ത് ആദ്യമായി പോലീസിന് 2010ൽ ഒരു മുഖമാസിക (കാവൽ കൈരളി) ഉണ്ടായപ്പോൾ അതിന്റെ സ്ഥാപക പത്രാധിപരിൽ ഒരാളായി രാജൻ. തുടർച്ചയായി 12വർഷം മാസികയുടെ എഡിറ്ററായി പ്രവർത്തിക്കാനും രാജന് ഭാഗ്യം ലഭിച്ചു. അതാണ് രാജനിലെ എഴുത്തുകാരനെ ഉണർത്തിയതും. 2016ൽ 'ഭാവി കേരളം ക്രമസമാധാനം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ ആസ്പദമാക്കി



ബഷീറിന്റെ പോലീസ് എന്ന പുസ്തകവുമായി രാജൻ

കേരളാ പോലീസ് സേനാംഗങ്ങൾക്കായി നടത്തിയ പ്രബന്ധരചനയിൽ ഒന്നാം സ്ഥാനം രാജനായിരുന്നു. 2017 ലെ നവരസം പുരസ്കാരവും രാജന്റെ എഴുത്തിനുള്ള അംഗീകാരമായി.

സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥ ശോഭനയാണ് ഭാര്യ. ബാങ്ക് ഉദ്യോഗസ്ഥ രജനി, സ്വകാര്യ കമ്പനിയിൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് രാജീവ് എന്നിവർ മക്കളാണ്. ഇപ്പോൾ പോലീസ് ആസ്ഥാനത്തെ പ്രവാസി സെല്ലിൽ എസ്ഐയായി സേവനമനുഷ്ഠിക്കുന്ന രാജൻ 2019 മെയ് മാസം പോലീസിൽ നിന്ന് വിരമിക്കും. ഇതോടെ മുഴുവൻ സമയ എഴുത്തിലേക്ക് തിരിയാനാണ് ആഗ്രഹം.